# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2089 10/10/2011-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ: | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| മുൻ സർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി എത്ര രൂപയുടെ മരുന്ന് ആശുപത്രികളിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വർഷം — മരുന്ന് നൽകിയത് (കോടിയിൽ)<br>2008-09 — 98.48<br>2009-10 — 136.91<br>2010-11 — 133.76 |
| ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ മരുന്ന് പർച്ചേസ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഇതുവരെ (ജൂൺ മുതൽ സെപ്തംബർ വരെ) 45.37 കോടി രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. |
| ആശുപത്രി വികസന സമിതികൾക്ക് ലോക്കൽ പർച്ചേസ് നടത്തുവാൻ അനുമതി നൽകുന്നത് അഴിമതിക്ക് കാരണമാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സ്റ്റോർ പർച്ചേസ് റൂൾ കൃത്യമായി പാലിച്ചുകൊണ്ടാണ് ആശുപത്രി വികസന സമിതികൾ ലോക്കൽ പർച്ചേസ് നടത്തുന്നത്. പ്രസ്തുത കണക്കുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് കൃത്യമായും ഓഡിറ്റ് ചെയ്യുന്നുണ്ട്. |
| കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകൾ സ്ഥാപിച്ച് വില കുറച്ച് മരുന്ന് വിതരണം ചെയ്യുന്നതിന് സാധിക്കുന്ന വിധത്തിൽ കോർപ്പറേഷന്റെ ബൈലാ ഭേദഗതി ചെയ്യുമോ? | (ഡി) | കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള വിലകൂടിയതും ബ്രാൻഡഡ് ഇനത്തിലും പെട്ട മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നേരിട്ട് നിർമ്മാതാക്കളിൽ നിന്നും സംഭരിച്ച് ഒരു വിൽപന കൗണ്ടർ മുഖേന മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സാധ്യത പഠനം നടത്തുന്നതിനായി തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ വിദഗ്ദ ഡോക്ടർമാരെ ചുമതലപ്പെടുത്തുകയും, അവർ ലഭ്യമാക്കിയ ലിസ്റ്റിലെ 840 ഇനം മരുന്നുകളിൽ 31 ഇനം മരുന്നുകൾ പ്രമേഹ വിഭാഗത്തിനായും 78 ഇനം മരുന്നുകൾ ഹൃദ്രോഗ വിഭാഗത്തിനായും, 32 ഇനം മരുന്നുകൾ വൃക്കരോഗ വിഭാഗത്തിനായും 12 ഇനം മരുന്നുകൾ വന്ധ്യതാ ചികിത്സാ വിഭാഗത്തിനായും സംഭരിച്ച് വിതരണം ചെയ്യാൻ ഉദ്ദേശി ക്കുന്നു.<br>ബൈലാ ഭേദഗതി ചെയ്യുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ